(ജി) കീഴ്കോടതിയിൽ ശിക്ഷിക്കപ്പെട്ട ശേഷം അപ്പീലിൽ ഇരിക്കുന്ന കേസുകൾ പിൻവലിച്ച സംഭവം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയുമോ ?

ഉത്തരം

(എ-ജി) 905 ക്രിമിനൽ കേസ്സുകൾ ബന്ധപ്പെട്ട കോടതികളുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട്. കൊലപാതകക്കേസുകൾ പിൻവലിച്ചിട്ടില്ല. സി.പി.ഐ.(എം) കോൺ.ഐ., മുസ്ലീംലീഗ് തുടങ്ങിയ രാഷ്ട്രീയ പാർട്ടിപ്രവർത്തകരും രാഷ്ട്രീയ ബന്ധം ഇല്ലാത്തവരും ഉൾപ്പെട്ടതാണ് ഈ കേസുകൾ. പിൻവലിച്ച കേസുകളിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ പ്രതികളായ കേസുകളില്ല. കേസുകളുടെ മറ്റു വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ശാന്തപ്പനെ കസ്റ്റഡിയിലെടുത്ത സംഭവം

97 (98) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പൻ എന്നയാളെ 1997 ഡിസംബർ 11-ാം തീയതി രാത്രി ശംഖുംമുഖം പോലീസ് കസ്റ്റഡിയിലെടുക്കുകയും ആ രാത്രിതന്നെ ഒരു മണിയോടുകൂടി അദ്ദേഹത്തെ മ്യൂസിയം പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ടോ ; എങ്കിൽ അദ്ദേഹത്തെ കസ്റ്റഡിയിലെടുത്തതിന്റെയും മ്യൂസിയം പോലീസിന് കൈമാറിയതിന്റെയും കാരണമെന്തെന്ന് പറയുമോ ;

(ബി) മ്യൂസിയം പോലീസ് സ്റ്റേഷനിൽ വച്ച് ശ്രീ. ശാന്തപ്പനെ ക്രൂരമായി മർദ്ദിച്ചുവോ ; ഇതു സംബന്ധിച്ച് നൽകിയ പരാതി പ്രകാരം നടത്തിയ അന്വേഷണത്തിൽ അദ്ദേഹത്തെ മർദ്ദിച്ചതിനുള്ള ഉത്തരവാദികൾ ആരെല്ലാമാണെന്നാണ് കണ്ടത് ; അദ്ദേഹത്തെ മർദ്ദിച്ചതിനുത്തരവാദികളായവരുടെ മേൽ നടത്തുന്ന അവാചാ അന്വേഷണത്തിന്റെ ഇപ്പോഴത്തെ നിലയെന്ത് ; ഈ അവാചാന്വേഷണം ആരംഭിച്ചതെന്നാണ് ; ഈ അവാചാ അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്താണ് ;

(സി) ഈ അന്വേഷണം വിനാവിളംബം പൂർത്തിയാക്കി കുറ്റക്കാരുടെ മേൽ നടപടിയെടുക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ടി. ശാന്തപ്പൻ മ്യൂസിയം പോലീസ് സ്റ്റേഷനിലെ എൽ.പി. 31/97-ാം നമ്പർ കേസിലെ വാറണ്ട് നിലവിലുണ്ടായിരുന്ന പ്രതിയായതിനാലാണ് വലിയതുറ എസ്.ഐ. മ്യൂസിയം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട ശേഷം ടി. ശാന്തപ്പനെ അറസ്റ്റുചെയ്ത് മ്യൂസിയം പോലീസിന് കൈമാറിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ശ്രീ. ശാന്തപ്പനെ പോലീസ് മർദ്ദിച്ചതായി ലഭിച്ച പരാതി തിരുവനന്തപുരം സിറ്റി കൺട്രോൾമെന്റ് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷിക്കുകയും അന്വേഷണ റിപ്പോർട്ടിനെ തുടർന്നു അവാചാന്വേഷണം 1998 ജനുവരി മാസത്തിൽ തുടങ്ങി 27-6-2000-ൽ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച ടി അന്വേഷണ റിപ്പോർട്ടും പി.ആർ. മിനിറ്റ്സും തിരുവനന്തപുരം റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ പരിശോധിച്ച് ശാന്തപ്പനെ ആരും മർദ്ദിച്ചതായി കണ്ടെത്തിയിട്ടില്ലായെന്ന് തീർപ്പ് സമർപ്പിച്ചിട്ടുണ്ട്.

കസ്റ്റഡി മരണങ്ങൾ

98 (99) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഓരോ മരണത്തിന്റെയും സ്വഭാവമെന്തെന്ന് പറയുമോ ; എവിടെയെല്ലാമാണ് ഈ കാലത്ത് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളത് ;

(സി) ആരെല്ലാമാണ് ഈ കാലത്ത് കസ്റ്റഡിയിൽ വച്ച് മരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവങ്ങൾ

99 (100) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പോലീസ് കസ്റ്റഡിയിലെടുത്ത കുറ്റവാളികളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.മാർ പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇപ്രകാരം പോലീസ് സ്റ്റേഷൻ ഉപരോധിക്കുകയോ പോലീസ് സ്റ്റേഷനിൽ സത്യാഗ്രഹം നടത്തുകയോ ചെയ്ത എം.എൽ.എ.മാർ ആരെല്ലാമാണ് ;

(സി) ഇതിന്റെ ഫലമായി കസ്റ്റഡിയിലെടുത്തവരെ വിട്ടയച്ചുവോ ; എങ്കിൽ വിട്ടയ്ക്കപ്പെട്ടവരുടെയും പോലീസ് സ്റ്റേഷൻ ഉപരോധിച്ചവരുടേയും മേൽ കേസ് എടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പോലീസ് കസ്റ്റഡിയിലെടുത്ത കുറ്റവാളികളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.മാർ പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവങ്ങൾ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly